**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1890** **31-08-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വഴിയുള്ള തീരദേശ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ തീരദേശവികസനവുമായി ബന്ധപ്പെട്ട് എത്ര തുകയുടെ വികസന പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടത്തിയിട്ടുള്ളത്; കിഫ്ബി മുഖേന തീരദേശ വികസനത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

- ഫിഷറീസ് വകുപ്പ് മുഖാന്തിരം തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2016–17 മുതൽ 2021–22 വരെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 2008.84 കോടി രൂപ വകയിരുത്തുകയും 1920.82 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ഉള്ളടക്കമായി ചേർത്തിരിക്കുന്നു)
- പുനർഗേഹം 2450 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു,
- തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം കിഫ്ബി പദ്ധതിയിൽ 66.34 കോടി രൂപയുടെ സ്കൂളുകളുടെ പുനരുദ്ധാരണം പദ്ധതി പൂർത്തീകരിച്ചു വരുന്നു, 137.82 കോടി രൂപയുടെ മാർക്കറ്റ് നവീകരണ പദ്ധതി നടപ്പിലാക്കി വരുന്നു.
- ഓഖി പുനരധിവാസ പദ്ധതി പ്രകാരം 46.54 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു.

## 1) <u>പുനർഗേഹം പദ്ധതി</u>

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന 2450 കോടി രൂപയുടെ അടങ്കൽ തുകയുള്ള പദ്ധതിയാണ് പുനർഗേഹം. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങൾ നിരന്തരമായ കടൽക്ഷോഭത്താൽ ദുരിതം അനുഭവിക്കേണ്ടി വരുന്നവരാണ്. മൺസൂൺ കാലങ്ങളിൽ ഉണ്ടാകുന്ന കടൽക്ഷോഭം ചുഴലിക്കാറ്റ് പോലുള്ള പ്രകൃതി ക്ഷോഭങ്ങൾ തീരദേശവാസികളുടെ സ്ഥാവര ജംഗമ വസ്തു വകകൾക്ക് നഷ്ടമുണ്ടാക്കുന്നത് സാധാരണമാണ്. അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും അടിക്കടി ഉണ്ടാകുന്ന ന്യൂന മർദ്ദങ്ങളും ചുഴലിക്കാറ്റുകളും വിവിധ പ്രകൃതി പ്രതിഭാസങ്ങളുടെ ഭാഗമായുള്ള കടൽക്ഷോഭവും കടൽകയറ്റവും മൂലം സംസ്ഥാനത്ത് വലിയ നിരക്കിൽ തീരശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നു. തദവസരത്തിൽ ദുരിതബാധിതർക്ക് അവർ വസിക്കുന്ന ഭവനങ്ങൾ അപകടത്തിൽ

നഷ്ടപ്പെടുന്നതോടൊപ്പം വൻ സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നു. ടി പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റിപാർപ്പിക്കുന്ന പുനർഗേഹം പദ്ധതിയ്ക്ക് സ.ഉ. (സാധാ) നം. 1009/2019/മ.ത്ു.വ. തീയതി 26.12.2019 പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. കടലാക്രമണ ഭീതിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിലൂടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കാനുള്ള ടി പദ്ധതിയ്ക്ക് 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18,685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളിൽ പരിഗണിക്കപ്പെട്ടവരും ഉൾപ്പെടെ ആകെ 21002 കുടുംബങ്ങളാണ് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നത്. പദ്ധതി പ്രകാരം മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള 8235 കുടുംബങ്ങളിൽ 3313 പേർ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 2594 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2122 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 1435 ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുള്ളതുമാണ്.

2) **<u>ഓഖി പുനരധിവാസ പദ്ധതി</u>**

സംസ്ഥാനത്ത് തീരദേശ വികസനത്തിനായി ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഓഖി സ്പെഷ്യൽ പാക്കേജ് എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ആണ് ഈ പാക്കേജിന്റെ ഭാഗമായി നടപ്പാക്കി വരുന്നത് പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു

**ഓഖി പുനരധിവാസ പദ്ധതി ഘട്ടം 1-ലെ പദ്ധതികളുടെ ചെലവഴിച്ച വിവരങ്ങൾ**

| ക്രമ നം. | പദ്ധതി | ചെലവഴിച്ചതുക (Rs. in lakh ) |
|---|---|---|
| 1 | ഭവനനിർമ്മാണപദ്ധതി (72 nos ) | 190.00 |
| 2 | ഭവനപുനരുദ്ധാരണം (458 nos ) | 194.5 |
| 3 | മറൈൻ ആംബുലൻസ് (3 nos ) | 736 |
| 4 | മത്സ്യബന്ധന ഉപകരണങ്ങൾക്ക് നഷ്ടപരിഹാരം (375 nos ) | 654.5145 |
| 5 | ലൈഫ്ജാക്കറ്റ് വിതരണം (40000 nos) | 604.944 |
| 6 | നാവിക്ഉപകരണങ്ങൾ (15000 nos ) | 229.5 |
| 7 | സാറ്റലൈറ്റ്ഫോൺ (1000 nos ) | 225.36 |
| 8 | സുരക്ഷാസ്ക്വാഡ് (900 nos ) | 547.10255 |
| 9 | വിദ്യാഭ്യാസ ധനസഹായ പാക്കേജ് | 178.35 |
| 10 | ശ്രീജോഷിക്ക് നൽകിയ നഷ്ടപരിഹാരം (sanctioned from savings amount) | 20.19 |
| | **ആകെ** | **3580.46105** |

ഓഖി പുനരധിവാസ പദ്ധതി ഘട്ടം 2-ലെ പദ്ധതികളുടെ ചെലവഴിച്ച വിവരങ്ങൾ

| ക്രമ നം. | പദ്ധതി | ചെലവഴിച്ചതുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | FRP ബോട്ട് (120) | 795.66 |
| 2 | മത്സ്യ സംസ്കരണ യൂണിറ്റ് /വിപണന ഔട്ട് ലെറ്റ് | 82.68515 |
| 3 | മത്സ്യബന്ധന ഉപകരണങ്ങളുടെ നഷ്ടപരിഹാരം (6th phase) | 83.43 |
| 4 | തിരുവനന്തപുരം ജില്ലയിലെ പുനരധിവാസം (38 ) | 210.714 |
| | ആകെ | **1172.48915** |

**കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികൾ**

1. **കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

2016 മുതൽ നാളിതുവരെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 795.348 കോടി രൂപ അടങ്കൽ തുകയുടെ തീരദേശ വികസന പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

കിഫ്ബി മുഖേന തീരദേശ വികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക (കോടി) |
|---|---|---|
| 1 | തീരസംരക്ഷണ പ്രവർത്തികൾ | 43.91 |
| 2 | ഹാർബർ നിർമ്മാണം | 36.87 |
| 3 | തീരദേശ വിദ്യാലയങ്ങളുടെ വികസനം | 25.75 |
| 4 | മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം | 0.279 |
| | **ആകെ** | **106.809** |

## 2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

2016 മുതൽ നാളിതുവരെ തീരദേശ വികസനവുമായി ബന്ധപ്പെട്ട് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 5 തീരസംരക്ഷണ പ്രവൃത്തികൾക്കും 2 മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനുമായി യഥാക്രമം 85.39 കോടി രൂപയ്ക്കും 209.04 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തീര സംരക്ഷണ പ്രവൃത്തികളിൽ 2 എണ്ണം പൂർത്തീകരിക്കുകയും 2 എണ്ണം പുരോഗമിച്ചു വരികയും ഒരെണ്ണത്തിന്റെ ദർഘാസ് നടപടികൾ പൂർത്തീകരിച്ചും വരുന്നു. അനുമതി ലഭിച്ച 2 ഹാർബറുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. മേൽ പ്രവൃത്തികളുടെ SPV ആയി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് (KSCADC) ചുമതലപ്പെടുത്തിയിരിക്കുന്നത്.

## ഫിഷറീസ്‌വകുപ്പ് 2016-17 മുതൽ 2021-22 വരെയുള്ള സെക്ടർ തിരിച്ച് തുക വകയിരുത്തലും ചെലവഴിക്കലും

(തുകകോടിയിൽ)

| ക്രമ നം | ഘടകം | 2016-17 | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | 2021-22 | | ആകെ (2016-17 മുതൽ 2021-22 വരെ) | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് |
| | | | | ഉൾനാടൻ | | | | | | | | | | | |
| 1 | ഉൾനാടൻ മത്സ്യബന്ധനവുംമത്സ്യകൃഷിയും | 36.49 | 39.77 | 48.88 | 45.02 | 76.40 | 46.27 | 109.05 | 56.07 | 92.69 | 88.24 | 92.12 | 84.01 | 455.63 | 359.38 |
| 2 | | | | തീരദേശവികസനം | | | | | | | | | | | |
| 2.1 | മത്സ്യത്തൊഴിലാളിഅടിസ്ഥാന സൗകര്യവികസനവും സാമൂഹിക സാമ്പത്തിക സുരക്ഷാ പദ്ധതിയും | 245.96 | 248.45 | 229.60 | 253.42 | 265.46 | 220.30 | 109.60 | 128.07 | 90.00 | 124.96 | 92.00 | 170.74 | 1032.62 | 1145.94 |
| 2.2 | സമുദ്ര മത്സ്യമേഖല | 5.00 | 5.19 | 8.60 | 5.57 | 13.07 | 9.43 | 30.00 | 6.14 | 23.00 | 13.37 | 20.00 | 15.27 | 99.67 | 54.97 |
| 2.3 | ആർ.ഐ.ഡി.എഫ് | 12.40 | 20.01 | 20.00 | 37.48 | 25.00 | 18.18 | 25.00 | 18.36 | 23.99 | 10.52 | 25.00 | 13.92 | 131.39 | 118.47 |
| 2.4 | മത്സ്യവിപണനം | 4.00 | 4.00 | 4.00 | 0 | 4.00 | 2.10 | 2.00 | 0.59 | 1.50 | 1.42 | 1.50 | 1.39 | 17.00 | 9.50 |
| തീരദേശവികസനം ആകെ | | 267.36 | 277.64 | 262.20 | 296.47 | 307.53 | 250.01 | 166.60 | 153.16 | 138.49 | 150.27 | 139.50 | 201.32 | 1281.68 | 1328.88 |
| | | | | വിജ്ഞാന വ്യാപനം | | | | | | | | | | | |
| 3 | വിജ്ഞാന വ്യാപനം | 5.96 | 5.79 | 5.51 | 6.39 | 5.51 | 2.57 | 4.50 | 1.61 | 3.50 | 2.49 | 3.00 | 2.10 | 27.98 | 20.95 |
| | | | | | | | | | | | | | | | |
| 4 | | | | കേന്ദ്രാവിഷ്കൃത പദ്ധതി | | | | | | | | | | | |
| 4.1 | | | | (CSS 60 %) | | | | | | | | | | | |
| 4.1.1 | ഉൾനാടൻ | 0 | 0 | 40.00 | 13.58 | 7.80 | 7.40 | 16.25 | 6.11 | 15.00 | 10.44 | 78.50 | 48.331 | 79.05 | 37.53 |
| 4.1.2 | തീരദേശവികസനം | 0 | 0 | | 0 | | 0 | | 1.06 | | 3.54 | | | | 4.60 |
| CSS 60% ആകെ | | 0 | 0 | 40.00 | 13.58 | 7.80 | 7.40 | 16.25 | 7.17 | 15.00 | 13.98 | 78.50 | 48.33 | 157.55 | 90.46 |
| 4.2 | CSS 75 % | 0 | 0 | 0 | 0 | 0 | 1.76 | 0 | 0.60 | 0 | 0 | 0 | 0 | 0 | 2.36 |
| | | | | | | | | | | | | | | | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 4.3 | | | CSS 100 % | | | | | | | | | | | |
| 4.3.1 | എൻ.സി.ഡി.സി ധനസഹായം | 17.50 | 23.51 | 20.50 | 20.36 | 12.00 | 5.79 | 12.00 | 4.98 | 13.00 | 13.00 | 12.00 | 51.18 | 87 | 118.81 |
| ആകെ | | 327.31 | 346.71 | 377.09 | 381.82 | 409.24 | 313.79 | 308.40 | 223.59 | 262.68 | 267.98 | 324.01 | 386.93 | 2008.84 | 1920.82 |